
# ജാമക്കാരൻ

WATCHMAN



കാവൽക്കാരൻ

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



**കർത്താവിൽ പ്രിയരെ,**

ഈ വർഷത്തിന്റെ അവസാനം ജാമക്കാരൻ മാസിക മുഖേന നിങ്ങളെ എനിയ്ക്ക് സന്ദർശിക്കുവാൻ കഴിഞ്ഞതിൽ വളരെ സന്തോഷം.

കഴിഞ്ഞ മാസങ്ങളിൽ ദൈവം നമ്മെ കണ്ണിന്റെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ചതിനായി സ്തോത്രം.

തമിഴ്നാട്ടിൽ ചെന്നൈ (Madras) കടല്ലൂർ എന്നുള്ള സ്ഥലങ്ങളിൽ മഴയാൽ സംഭവിച്ച നാശങ്ങളെല്ലാം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. നൂറ് വർഷത്തിന് ശേഷമാണ് വെള്ളം മുഖാന്തിരം നാശം സംഭവിച്ചത്.

കോടിക്കണക്കിന് വ്യാപാരസാധനങ്ങൾ നശിച്ചുപോയി. വീട്ടിലുള്ള സാധനങ്ങൾ ഫ്രിഡ്ജ്, റ്റി.വി., കമ്പ്യൂട്ടർ, സർട്ടിഫിക്കറ്റുക്കൾ, പാസ്പോർട്ട്(Fridge,TV,Computer, Passport,Certificate) എല്ലാം നശിച്ചുപോയി. യേശുക്രിസ്തു നോഹയുടെ കാലത്ത്, ഓർത്തുകൊൾക എന്ന മുന്നറിയിപ്പ് നൽകിയിരിക്കുന്നു.

നഷ്ടപ്പെട്ടവരുടെ പുനരധിവസിപ്പിക്കാൻ ഏകദേശം 3 വർഷമെങ്കിലും വേണ്ടിവരും. സാധാരണനാശമല്ല സംഭവിച്ചത്. ബെൻസ് കാർ മുതൽ വിലയേറിയ കാറുകൾ മുഴുവനും ആരും ഉപയോഗിക്കാത്തവണ്ണം നാശമായി. ഇൻഷ്വുറൻസ് കാറുകൾ പോലും അതിന് പണം നൽകാൻ സാധിക്കില്ല എന്ന് പറഞ്ഞ് വാഗ്വാദം ചെയ്തുകൊണ്ടിരുന്നു. **മനുഷ്യരുടെ ജീവിതം കണ്ടോ! ഓരോരോ വീട്ടിലും കഴുത്തോളം വെള്ളം.**

**പക്ഷേ, കുടിക്കാൻ വെള്ളം കിട്ടാതെ മൂന്ന് ദിവസങ്ങൾ ദാഹിച്ചിരിക്കുന്നു.** എ.ടി.എം–ൽ ലക്ഷങ്ങളും, ബാങ്കിൽ കോടികളും ഉണ്ട്. villas മാതിരിയുള്ള Banglaw 18 നിലകളുള്ള കെട്ടിടത്തിൽ ജീവിച്ചു എന്നിട്ടും കഴിക്കുവാൻ ഒരു പൊതിച്ചോറിനുവേണ്ടി ഹെലികോപ്റ്ററിന് കൈകാട്ടി സിനിമാനടീനടന്മാർ പോലുള്ള പണക്കാർ കരയുന്നത് കണ്ടു.

## DECEMBER 2015

# സുപ്രീംകോടതിയുടെ വിധി

## C.S.I.ബിഷപ്പുമാരുടെ പദവിമോഹം



Rt.Rev.Devakatacham
Kanyakumari Diocese



Most Rev.Dyvasirvadam,
Moderator



Dupty Moderator.
Rt.Rev.Thomas K.Oommen

* സി.എസ്.ഐ ബിഷപ്പുമാർ, അച്ചന്മാർ എന്നിവരുടെ വിരമിക്കാനുള്ള വയസ്സ് കൂട്ടുവാനുള്ള C.S.I നിയമഭേദഗതി (Amendment) നടത്താൻ ശ്രമിക്കുന്ന പ്രധാന മൂന്ന് ബിഷപ്പുമാർ.

കഴിഞ്ഞമാസം മാസികയിൽ സൂചിപ്പിച്ചതുപോലെ Amendamant (നിയമഭേദഗതി) കൊണ്ടുവരുവാനായി എല്ലാ ഡയോസിസിലും ഇലക്ഷൻ നടത്തുക്കുകയുണ്ടായി.

ഭൂരിപക്ഷം സി.എസ്.ഐ അച്ചന്മാർക്കും സഭാജനങ്ങൾക്കും ഇതിനോട് യോജിപ്പില്ലായിരുന്നു.

എന്നാലും മോഡറേറ്റർ ചില ബിഷപ്പുമാരെ ഭീഷണിപ്പെടുത്തിയാണ് നിർബന്ധിച്ചത്. ചില ബിഷപ്പുമാർക്ക് തന്റെ വീറ്റോ പവർ വഴിയായ് അടുത്ത മോഡറേറ്റർ പദവി നൽകുവാൻ സഹായിക്കാം എന്ന് പറഞ്ഞ് ഈ Amendment പാസ്സാക്കാനുള്ള ഏർപ്പാടുകൾ ചെയ്തത്.

ചില ബിഷപ്പുമാർ Amendment Pass ആയി എന്ന് പ്രഖ്യാപിച്ചു. ആ ഇലക്ഷൻ തെറ്റായ രീതിയിൽ നടത്തിയതായിരുന്നു

അതുകാരണം ആ Amendment (നിയമഭേദഗതി) ജയിച്ചു എന്ന് സിനഡ് അറിയിച്ചു.

# കേക്ക് മുറിച്ച് വിജയം ആഘോഷിച്ച ബിഷപ്പ്

**കന്യാകുമാരി** ഡയോസിസ് ബിഷപ്പ് മുൻ **മോഡറേറ്ററുമായ** ബിഷപ്പ് **ദേവകടാക്ഷം** അവർകൾ മോഡറേറ്റർ പദവിയിൽ ഇരുന്നപ്പോൾ ഈ നിയമഭേദഗതി (Amendment) ആദ്യം കൊണ്ടുവന്നു. ഇദ്ദേഹം വിരമിച്ച ശേഷം കന്യാകുമാരി ഡയോസിസിൽ ബിഷപ്പായി തന്റെ പദവിയിൽ തുടർന്നു. ഇദ്ദേഹമാണ് ഈ Amendment ജയിച്ചതിനുശേഷം കേക്ക് മുറിച്ച് പടക്കം പൊട്ടിച്ച് പത്രക്കാരെ വരുത്തി വലിയ ആഘോഷം നടത്തിയത്. ആ സന്തോഷം അല്പദിവസങ്ങൾ മാത്രമാണുണ്ടായത്.



நாகர்கோவில் சிஎஸ்ஐ கம்யூனிட்டி ஹாலில் நடந்த நன்றி கூடுகை நிகழ்ச்சியில் பிஷப் தேவகடாட்சம் கேக் வெட்டினார்.

# സുപ്രീംകോർട്ടിന്റെ വിധി

സുപ്രീംകോർട്ട് ഇടപെട്ട് ഈ Amendment Pass ആക്കുവാൻ പാടില്ല എന്ന വിധി പറഞ്ഞു. ജനുവരി 11–ാം തീയതിക്കുള്ളിൽ വിധി മാറ്റുവാൻ **മോഡറേറ്റർ ദേവാശീർവാദം** അവർകൾ പുതിയ രീതികളിൽ സുപ്രീംകോർട്ടിൽ ചെന്ന് ശ്രമിക്കുന്നതായുള്ള വാർത്ത കേൾക്കുവാനിടയായി. ഈ പദവിയ്ക്ക് പ്രയോജനമില്ലാത്ത ഈ ബിഷപ്പുമാർ പദവിക്കുവേണ്ടി അലയുമോ? സിനഡ് കോടികൾ മുടക്കി ഈ കേസ്സുകൾ നടത്തിക്കൊണ്ടിരിക്കുന്നു. ഈ പണമെല്ലാം സി.എസ്.ഐ സഭാവിശ്വാസികൾ കൊടുത്ത വഴിപാടുകൾ ആണ്.

# ദുബായിൽ സി.എസ്.ഐ ബിഷപ്പുമാരുടെ സിനഡ് യോഗം

കഴിഞ്ഞവർഷം **CSI സിനഡ് യോഗം ദുബായിൽ** വെച്ച് നടന്നത് നമുക്ക് എല്ലാവർക്കും അറിയാം. കോടികൾ മുടക്കി ദുബായിൽ സിനഡ് യോഗം നടത്തുവാൻ കാരണം എന്താണ്? ദുബായിലുള്ള ന്നു. Mr.Durairaj അവർകൾ എന്നെ വന്ന്കണ്ട് ഒന്നരമണിക്കൂർ നേരം സംസാരിച്ചു. അദ്ദേഹമാണ് ഈ സിനഡ് യോഗം നടത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്തത്. ദുബായിൽ ബിഷപ്പുമാർ വാങ്ങിയ സ്വർണ്ണങ്ങൾ, ആഡംബർചിലവുകൾ, ബിഷപ്പുമാർക്ക് ചിലവാക്കിയ കോടിക്കണക്കിന് പണം ഇതെല്ലാം ആത്മീയസാക്ഷിയല്ല

കഴിഞ്ഞ 75 വർഷങ്ങളായി ഞാൻ സി.എസ്.ഐക്ക് വേണ്ടി എന്റെ സഭയിലും തെന്നിന്ത്യ മുഴുവൻ സഭകളിലും പ്രസംഗിച്ച് കൂടുതൽ ഭാരപ്പെടുന്നവനായതുകൊണ്ടാണ് ഞാൻ ഇത് എഴുതുന്നത്. കൂടാതെ എന്റെ പിതാവ് 30 വർഷം സി.എസ്.ഐ സഭാസെക്രട്ടറിയായി പ്രവർത്തിച്ച വ്യക്തിയാണ്. അതുകൊണ്ടാണ് സി.എസ്.ഐയെക്കുറിച്ചുള്ള ഒരു വലിയ ഭാരം ഞങ്ങളുടെ കുടുംബരക്തത്തിൽ കലർന്നിരിക്കുന്നത്. കൺമുമ്പിൽ തന്നെ സി.എസ്.ഐ നാശത്തിൽ പോയിക്കൊണ്ടിരിക്കുന്നതും, ആത്മീയത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതും കണ്ട് സഹിക്കുവാൻ കഴിയാത്തതുകൊണ്ടാണ് ഞാൻ ഇങ്ങനെ എഴുതുന്നത്. ഇതുമുഖാന്തിരമാണ് സി.എസ്.ഐ സഭയിലെ ചില ബിഷപ്പുമാർക്ക് എന്നോട് വെറുപ്പ് തോന്നാൻ കാരണമായി ഞാൻ കരുതുന്നത്. ദൈവം എനിക്കു തന്നെ ദൗത്യം നിറവേറ്റി എന്ന സംതൃപ്തി എനിക്കുണ്ട്. തുടർന്ന് ബിഷപ്പുമാർക്കും അച്ചന്മാർക്കും മോഡറേറ്റർമാക്കു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം.

## നുണ കേൾപ്പാൻ തുടങ്ങിയാൽ :

**അവന്റെ (Bishop - Moderator) ഭൃത്യന്മാർ ഒക്കെയും ദുഷ്ടന്മാരാകും. (സദൃ 29:12).**

കോടികൾ കൊടുത്ത് ബിഷപ്പ്, മോഡറേറ്റർ പദവികൾ വിലയ്ക്ക് വാങ്ങുവാൻ കാത്തിരിക്കുകയാണ് ഓരോ ബിഷപ്പുമാരും. ഇവരെല്ലാവർക്കും അവർക്കിഷ്ടപ്പെട്ട ബിഷപ്പ്, മോഡറേറ്റർ പദവികൾ വന്നാൽ വലിയ പ്രയോജനം ഉണ്ട്.

കേരളത്തിൽ ഡയോസിസ് കൗൺസിൽ മെമ്പർമാരും അച്ചന്മാരും കൂടിയ കൂട്ടത്തിൽ അദ്ധ്യക്ഷത വഹിച്ച ബിഷപ്പ് പറഞ്ഞത് കേരളത്തിൽ ബിഷപ്പ് പദവിക്ക് പണം കൊടുക്കാതെ ബിഷപ്പായ ആൾ ഞാൻ മാത്രമാണ്. ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ രണ്ടുമൂന്ന് പേർ ഇദ്ദേഹം ബിഷപ്പാകുവാൻ പണം കൊടുത്ത യോഹന്നാൻ അവർകളോട് ചോദിച്ചാൽ ആൾ വഴി പണം സിനഡിന് പോയി എവിടെ വച്ചാണ് പണം കൈമാറിയത് എന്ന് പറഞ്ഞതായി ഒരു ലഘുലേഖനം കിട്ടി.

ഇതാണ് ഇപ്പോഴത്തെ സി.എസ്.ഐയുടെ ദുഃഖകമരായ സ്ഥിതി.

# നന്ദി

* ഈ Amendment ന്റെ (നിയമഭേദഗതി) തടഞ്ഞ Supermcourt Judge ന് നന്ദി.

* ഇതിനുവേണ്ടി വലിയ തുക മുടക്കി Supremcourt Jude ൽ ചെന്ന് Amendment നെ തോൽപ്പിച്ച മാന്യന്മാർക്ക് നന്ദി.

* ഈ Amendment തോൽക്കണമെന്ന് പ്രാർത്ഥിച്ച വിശ്വാസികൾ, അച്ചന്മാർ, തൂത്തുക്കുടി, തിരുനെൽവേലി, കോട്ടയം, ആന്ധ്ര, ബാംഗ്ലൂർ എന്നീ സ്ഥലങ്ങളിൽ ഇതിനു വേണ്ടി പ്രാർത്ഥിച്ച എല്ലാവർക്കും നന്ദി.

* Moderator ഈ Supermcourt Judge വിധിയെ വീണ്ടും, തോൽപ്പിക്കാതിരിക്കാൻ വേണ്ടി അദ്ദേഹത്തിനും, അദ്ദേഹത്തെ പ്രേരിപ്പിക്കുന്ന വ്യക്തികൾക്കും ദൈവത്തിന്റെ കോപം അവരുടെ മേൽ വരാതിരിക്കാൻ നമുക്ക് പ്രാർത്ഥിക്കാം.

* ദൈവം നമ്മുടെ സി.എസ്.ഐ സഭകൾക്ക് ഈ പുതുവർഷം സമാധാനം നൽകുമാറാകട്ടെ. ❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## നമ്മുടെ ശ്രദ്ധയ്ക്ക്

**നിൽക്കുന്നവൻ വീഴാതിരിക്കട്ടെ**
**സ്ത്രീയെ തൊടാതിരിക്കുന്നത് മനഷ്യനു നല്ലത് (1 കൊരി.7:1)**
**ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കാതിരിക്കുന്നതിനു**
**വാക്കിലും**
**നടപ്പിലും**
**സ്നേഹത്തിലും**
**വിശ്വാസത്തിലും**
**നിർമ്മലതയിലും**
വിശ്വാസികൾക്കു മാതൃകയായിരിക്ക (1 തിമ.4:12).
**പിശാചിനു ഇടം കൊടുക്കരുത്** (എഫെ. 4:27)

**വേഗം വരാൻ പോകുന്ന കർത്താവിന്റെ ആശീർവാദം നിങ്ങളെല്ലാവരോടും കൂടെ എപ്പോഴും ഉണ്ടായിരിക്കട്ടെ.**

ഇതൊരു **ജാമക്കാരൻ** പ്രസിദ്ധീകരണം.

# ആധുനികയുഗത്തിലെ പാപവും പരീക്ഷയും

മൊബൈൽ, കമ്പ്യൂട്ടർ കണ്ടുപിടിക്കാത്ത കാലത്ത് യുവാക്കൾക്ക് നേരിടുന്ന പരീക്ഷകളെക്കുറിച്ചും, പാപങ്ങളെക്കുറിച്ചും അതിൽ നിന്ന് എങ്ങനെ രക്ഷപ്പെടണം എന്നുള്ള വിവരങ്ങളും ഞാൻ എഴുതിയിരുന്നു. പക്ഷെ ഇപ്പോൾ ലോകമാകമാനം ഇന്ത്യയിലും മൊബൈലും കമ്പ്യട്ടറും തീർച്ചയായും ഓരോരുത്തർക്കും ഉണ്ടായിരിക്കണം എന്നുള്ളത് കാലത്തിന്റെ നിർബന്ധമാകുന്നു. ഇതിനെ ഒരിക്കലും ഒഴിവാക്കാൻ സാദ്ധ്യമല്ല.

ഇങ്ങനെയുള്ള കാലഘട്ടത്തിൽ പിശാച് മൊബൈൽ വഴിയായും ടാബലറ്റ് വഴിയായും ഇന്റർനെറ്റ് വഴിയായും യുവാക്കളുടെ ഹൃദയത്തെ മലിനമാക്കി പാപത്തിൽ വീഴ്ത്തുന്നു. അവന്റെ പദ്ധതി വിജയിക്കാൻ തുടങ്ങിക്കഴിഞ്ഞു. പ്രത്യേകമായി ഫെയ്സ്ബുക്ക് ടിറ്റർ മുതലായുള്ള ഉപാധികൾ വഴിയായി യുവജനങ്ങൾ താങ്കൾ അറിയാതെ തന്നെ പാപത്തിൽ വീണു പോകുന്നു. പ്രായവ്യത്യാസമില്ലാതെ ആബാലവൃദ്ധം ജനങ്ങൾ ഈ നവീനഉപകരണങ്ങൾക്ക് അടിമപ്പെട്ട് പാപത്തെ നോക്കി ഓടിക്കൊണ്ടിരിക്കുന്നു.

ഞാൻ ഇതിനെക്കുറിച്ച് പറയാനാഗ്രഹിക്കുന്ന ആലോചന എന്തെന്നാൽ യുവാക്കൾക്കും, കുടുംബസ്ഥർക്കും, ഫെയ്സ്ബുക്ക് എന്ന പരിപാടി ആവശ്യമില്ലാത്തതാണ്. സിനിമാ നടന്മാർക്കും, വ്യഭിചാരികൾക്കും, രാഷ്ട്രീയക്കാർക്കും ചിലപ്പോൾ ഇത് പ്രയോജനപ്പെടുമായിരിക്കാം. മറ്റുള്ളവർക്ക് ഇത് ആവശ്യമില്ലാത്തതാകുന്നു. ഫെയ്സ് ബുക്കും, മൊബൈലും

ഉപയോഗിക്കുന്നവർക്ക് അതിൽ സുഹൃത്തുക്കൾ ഉണ്ടായിരിക്കേണം എന്നത് ആവശ്യമില്ല. (സുഹൃത്തുക്കൾക്ക്) ഫെയ്സ്ബുക്ക് വഴി തന്റെ ഫോട്ടോകൾ Post ചെയ്ത് ഇഷ്ടപ്പെടുന്ന വിഷയങ്ങൾ അറിയിച്ച്, അത് മറ്റുള്ളവർ കണ്ട്, അവരുടെ അഭിപ്രായങ്ങൾ പറയുകയും തങ്ങൾ കണ്ട ഫോട്ടോയ്ക്ക് **Like** അയച്ചും, വിമർശനം ചെയ്തും, നിങ്ങളുമായി പരിചയമില്ലാത്ത

വ്യക്തികളുമായ് സുഹൃദ്ബന്ധം സ്ഥാപിക്കപ്പെടുന്നു. അതിന്റെ ശേഷം വഞ്ചിക്കുന്ന അഥവാ മോഹിപ്പിക്കുന്ന വാക്കുകളെ ഫേസ്ബുക്കിൽ അവർ എഴുതി അയയ്ക്കുമ്പോൾ തന്നെ ചിലന്തിവലയിൽ കുടുങ്ങുന്ന ഈച്ച പോലെ ആകുന്നു. പിന്നെ രക്ഷപ്പെടാൻ വഴിയില്ല. ജാഗ്രത! അതിന്റെ ശേഷം ആ ബന്ധത്തെ നിർത്തുവാൻ ശ്രമിച്ചാലും അതിന്റെ ആകർഷണം നിങ്ങളെ വീണ്ടും വീണ്ടും വിളിക്കും. ചില യുവാക്കളും യുവതികളും അരുതാത്ത ബന്ധം തുടർന്ന് വഷളാകുന്നു. ഒരു പയ്യൻ നല്ല സ്നേഹത്തോടെ തന്നോടു പെരുമാറുന്നത് കണ്ട് ഒരു സ്ത്രീ വഞ്ചിക്കപ്പെട്ടു. ഫെയ്സ്ബുക്ക് വഴിയായി അവനോട് വളറെ അടുപ്പത്തിലായി. ഒരുഘട്ടത്തിൽ അവൻ തന്റെ നഗ്നശരീരത്തെ വീഡിയോ ചാറ്റ് വഴി കാണിച്ചപ്പോൾ, അവനെ വിവാഹം ചെയ്യുവാൻ കൊതിയോടു ഇരുന്ന ആ പെൺകുട്ടി അവൻ നല്ലവൻ അല്ല എന്ന് മനസ്സിലാക്കി അവനോടുള്ള ബന്ധം അവൾ നിർത്തി. തന്റെ ഫോണിലുള്ള സിംകാർഡും അവൾ മാറ്റി. അതിനാൽ രണ്ടാഴ്ച കൊണ്ട് അവനോടുള്ള ബന്ധം നിർത്തുവാൻ സാധിച്ചു. പക്ഷെ വീണ്ടും വീണ്ടും അവന്റെ ആഭാസ ഫോട്ടോ അവളുടെ ഹൃദയത്തെ സ്പർശിക്കാൻ തുടങ്ങി. അവൾ അത് മനസ്സിൽ രസിക്കാനും തുടങ്ങി. വീണ്ടും അവൾ തന്നെ ആ യുവാവിനോടു ഫോൺ വഴി ബന്ധപ്പെട്ടു. അത് മുഖാന്തരം അവന്റെ ക്ഷണം സ്വീകരിച്ചു. പാപത്തിന് അവൾ ഇണങ്ങി അവൾ വഷളായിപ്പോയി. അവനോ തേനീച്ചയെപ്പോലെ വേറൊരു പുഷ്പത്തെ തേടി പോയി. ഈ പെൺകുട്ടിയെ വിവാഹം ചെയ്യാൻ അവന് താല്പര്യമില്ല എന്ന് അറിഞ്ഞ ശേഷം അവൾ ഒരു മാനസികരോഗിയായി മാറി. ഇപ്പോൾ വീട്ടിൽ ഇരുട്ടുമുറിക്കകത്തു ഒറ്റയ്ക്കു ഇരിയ്ക്കുന്നു. അവളോടു ആലോചന പറയാനും പ്രാർത്ഥിക്കാനും അവളുടെ മാതാപിതാക്കൾ എന്നെ ക്ഷണിച്ചപ്പോൾ എന്നെ കാണാനോ പ്രാർത്ഥിക്കുവാനോ അവൾ ഇഷ്ടപ്പെട്ടില്ല. WhatsApp ഉം Facebook ഉം വീഡിയോ ചാറ്റിംഗും യുവാക്കളെയും യുവതികളെയും എങ്ങനെ അലഞ്ഞു ഉഴലുന്നതുപോലെ വഷളാക്കുന്നു എന്ന് കണ്ടോ? ഇപ്പോൾ അവൾ പള്ളിയിൽ പോകുന്നില്ല. സ്നേഹിതരെയോ, ബന്ധുക്കളെയോ കാണാവാനും ഇഷ്ടപ്പെടുന്നില്ല.

മാതാപിതാക്കൾ ജാഗ്രതയോടെ തങ്ങളുടെ കുഞ്ഞുങ്ങളുടെ മൊബൈൽ, കമ്പ്യൂട്ടർ, ഫെയ്സ്ബുക്ക്, ടാബ്ലറ്റ്, വാട്ട്സ്ആപ് എന്ന ഉപകരണങ്ങളെ ശ്രദ്ധിക്കുന്നത് വളരെ നല്ലതാണ്. കൂടെക്കൂടെ നിങ്ങൾ അത് ശ്രദ്ധിക്കാതെ പോയാൽ കുഞ്ഞുങ്ങൾക്ക് വേണ്ടി നിങ്ങൾ കരയേണ്ടി വരും. എന്റെ മകൾ യോഗ്യതയുള്ളവൾ, എന്റെ മകൻ യോഗ്യൻ, ഞങ്ങൾ വരച്ച വരയിൽ നിൽക്കും എന്ന് നിങ്ങൾ വിശ്വസിക്കരുതേ. കുഞ്ഞുങ്ങൾ ഈവീഷവത്തിൽ ഭ്രാന്തരെപ്പോലെ വെറിപിടിച്ച് അലയും.അതിന്റെ ശേഷംമാനസിക ആശുപത്രിയിൽ പോയാലും മരണംവരെചികിത്സിക്കേണ്ടി വരും.

ദൈവത്തിന്റെ അനുമതിയില്ലാതെ വിശ്വാസികളിലോ, കുഞ്ഞുങ്ങളിലോ പിശാചിനെ പ്രവേശിക്കുവാൻ അനുവദിക്കുകയില്ല. പക്ഷെ നിങ്ങൾ പിശാചിന് ഇടം കൊടുത്താൻ മാത്രമേ അവൻ ഉള്ളിൽ പ്രവേശിക്കുകയുള്ളൂ. അതുകൊണ്ട് പത്രോസിന്റെ ലേഖനത്തിൽ പിശാചിന് ഇടം കൊടുക്കരുത് എന്ന് എഴുതിയിരിക്കുന്നു. യുവാക്കളോടും യുവതികളോടും പ്രത്യേകം ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ഫെയ്സ്ബുക്കോ, വാട്ട്സ് ആപ്പോ ദുരുപയോഗം സുഹൃത്തുക്കളോടു ചെല്ലുന്നവീഷ്വത്തിൽ നിങ്ങൾ അകന്നിരിക്കേണം. ഫെയ്സ്ബുക്ക്, വാട്ട്സ്ആപ്പുകൾ മുതലായവ കൊണ്ടുള്ള പ്രയോജനങ്ങൾ ഏറെയാണെങ്കിലും ഈ കാലഘട്ടത്തിൽ ഗുണങ്ങളേക്കാളേറെ ദോഷമാണ്.

## വിദേശസംസ്ക്കാരം

നമ്മുടെ കുഞ്ഞുങ്ങൾ ചീത്ത സ്നേഹിതരോട് കൂടുതൽ സമയം ചിലവഴിക്കുന്നത് മാതാപിതാക്കളുടെ വാത്സല്യ കുറവുകൊണ്ടാണ്. പിള്ളാരുടെ ആവശ്യങ്ങൾ, സംശയങ്ങൾ മാതാപിതാക്കളോടു ചോദിച്ചറിയുവാൻ അവർ ആഗ്രഹിക്കുന്നു. അവർക്കു പറഞ്ഞുകൊടുക്കാൻ ഈ ആധുനികയുഗത്തിൽ മാതാപിതാക്കൾക്ക് സമയം ഇല്ല. കോളേജിൽ, എഴുതിയ പരീക്ഷയിൽ മാർക്ക് കുറഞ്ഞുപോയാലോ, arrear വന്നാലോ, അവരോടു (കുട്ടികളോട്) സ്നേഹത്തോടു സംസാരിച്ച്. അവരുടെ കാര്യങ്ങൾ അന്വേഷിക്കാൻ മാതാപിതാക്കൾ താത്പര്യം കാണിക്കുന്നില്ല. പിള്ളാരുടെ ചിലവുകൾക്ക് കൈനിറയെ പണം കൊടുത്തിട്ട് എന്ത് പ്രയോജനം? സ്നേഹവും വാത്സല്യവും, കൈനിറയെ രൂപാ കൊടുക്കുന്നതു മൂലം കിട്ടത്തില്ല. അവർക്ക് ആത്മധൈര്യം നൽകണം. അവരുടെ കാര്യങ്ങളെ അന്വേഷിക്കണം.

ഈ നവീനകാലത്തിൽ കുഞ്ഞുങ്ങൾക്കും മാതാപിതാക്കൾക്കും സ്നേഹബന്ധം കുറയുവാൻ തുടങ്ങി. ഈ നവീനകാലത്തിൽ പിള്ളാർ ഓരോരുത്തർക്കും ഓരോ മുറി കൊടുക്കുന്നു. അത് അവരുടെ privacyക്ക് നല്ലത് എന്ന് വിചാരിക്കുന്നു.

പഴയ കാലത്തിൽ പ്രായപൂർത്തിയായ കുഞ്ഞുങ്ങൾ പോലും തങ്ങളുടെ മാതാവിനെ കെട്ടിപ്പിടിച്ചു ഉറങ്ങുന്നത് ഞാൻ കണ്ടിട്ടുണ്ട്. ആ അമ്മച്ചിയുടെ കെട്ടിപ്പിടിത്തത്തിലുള്ള ശരീരത്തിന്റെ ചൂട് തന്റെ വാത്സല്യം കൂട്ടും എന്ന് മാനസിക ഗവേഷണങ്ങൾ പറയുന്നു. ചില കുട്ടികൾ തന്റെ വിവാഹത്തിന് ഒരുങ്ങുന്ന അവസാനനാൾ വരെ അമ്മയുടെ മേൽ കാൽവച്ച് കിടന്നുറങ്ങുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്റെ വീട്ടിൽ തന്നെ കണ്ടിട്ടുണ്ട്. ഇത് കുഞ്ഞുങ്ങൾക്ക് സ്നേഹവും ആത്മധൈര്യവും വർദ്ധിപ്പിക്കും.

പക്ഷെ ഈ കാലത്ത് പ്രത്യേകമായി അമേരിക്ക, യൂറോപ്പ് ദേശങ്ങളിൽ അമ്മയും മകളും ഒരേ കട്ടിലിൽ കിടക്കുന്നില്ല. അത് സംസ്കാര മാറ്റത്താൽ ഉണ്ടായതാണ്. വിദേശത്തിൽ താമസിക്കുന്ന ഇന്ത്യൻ കുടുംബങ്ങൾക്കും കുട്ടികളോട് പെരുമാറാൻ ചില രീതികൾ ഉണ്ട്. അതായത് മകൻ അല്ലെങ്കിൽ മകൾ കട്ടിലിൽ കിടന്നാൽ ഓരോ ദിവസവും അമ്മ അവരുടെ കട്ടിലിൽ അവരുടെ കൂടെ കിടന്ന് പിള്ളാരോടു സംസാരിക്കണം. സ്കൂളിൽ അല്ലെങ്കിൽ കോളേജിൽ നടന്ന കാര്യം ചോദിച്ചറിയണം. അവരുടെ പഠിത്തത്തെ കുറിച്ചും ചോദിക്കണം. അവരോട് അവരുടെ Boy Friend, Girl Friend നെ ക്കുറിച്ചും ചോദിച്ചറിയണം.

അവർ ഇവരോട് എങ്ങനെ പെരുമാറുന്നു എന്നെല്ലാം ചോദിച്ചറിയണം. ഇതൊക്കെ മാതാപിതാക്കൾ അന്വേഷിക്കാത്തതുകൊണ്ട് പിള്ളാർ തങ്ങളുടെ ജഡവികാരങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും താങ്കളുടെ സുഹൃത്തുക്കളോട് പങ്കുവെയ്ക്കുന്നു. സുഹൃത്തുക്കൾക്ക് അനുഭവം ഇല്ലാത്തതുകൊണ്ട് തെറ്റായ ആലോചന നൽകി വഴിതെറ്റിക്കുന്നു. മാതാപിതാക്കൾക്ക് തങ്ങളുടെ തിരക്കു കാരണം കുട്ടികളോടുകൂടെ സമയം ചിലവഴിക്കാൻ സാധിക്കുന്നില്ല. നമ്മുടെ നാട്ടിൽ വളരുന്ന കുഞ്ഞുങ്ങൾ പോലും വീട്ടിൽ സമയം ചലവഴിക്കുന്നതിനേക്കാൾ വെളിയിൽ കൂടുതൽ സമംയ ചിലവഴിക്കുവാൻ ഇഷ്ടപ്പെടുന്നു.

* അമേരിക്കയിൽ ദൈവവേലക്കാരനായ ഒരു സായിപ്പിന്റെ വീട്ടിൽ താമസിക്കാൻ എനിക്ക് ഏർപ്പാട് ചെയ്തിരുന്നു. അദ്ദേഹവും, അദ്ദേഹത്തിന്റെ ഭാര്യയും നല്ല ദൈവവേല ചെയ്യുന്നവരാണ്. ഒരു സമയം ഞാനും ആ ദമ്പതികളും സംസാരിച്ചുകൊണ്ടിരുന്നു. അപ്പോൾ ഹൈസ്കൂളിൽ

പഠിക്കുന്ന അവരുടെ മകൾ മുറിക്കകത്തു വന്ന് എന്റെ തൊട്ടടുത്തിരുന്ന അവളുടെ അമ്മയോടു ചെവിയിൽ ചെന്ന് എന്തോ സംശയം ചോദിച്ചു. അതിന് അവളുടെ അമ്മ Go and get a boy friend and know all these things, ഒരു ബോയി ഫ്രണ്ടിനോടു പോയി ചോദിച്ച് നിന്റെ സംശയം ചോദിച്ചറിയുക എന്ന് ആലോചന പറഞ്ഞു കൊടുത്തു. അവൾ ചോദിച്ച വിഷയം (sex) ലൈംഗീകവിഷയമായിരിക്കും എന്ന് ഞാൻ ഉറപ്പിച്ചു. ഇതാണ് അമേരിക്കൻ സംസ്കാരം. ഇവൾ ഒരു ആത്മീയ സഹോദരി ആയിരുന്നിട്ടും തന്റെ മകളുടെ (sex) സംശയത്തെ ഒരു അമ്മ എന്ന നിലയിൽ പറഞ്ഞു കൊടുക്കാതെ അവളുടെ ബോയ് ഫ്രെണ്ടിനോട് ചോദിച്ചറിഞ്ഞുകൊൾക എന്ന് പറഞ്ഞത് എത്ര വലിയ ഭോഷത്വം ആണ്. ഇവിടെയാണ് നമ്മുടെ ഇന്ത്യ–ഏഷ്യ സംസ്കാരത്തിന്റെ മഹിമ തലപ്പൊക്കി അഭിമാനത്തോടു നില്ക്കുന്നത്. മുകളിൽ വായിച്ച സംഭവം നമ്മുടെ നാട്ടിൽ നടക്കുന്നില്ല. നമ്മുടെ കുഞ്ഞുങ്ങൾ ലൈംഗീകവിഷയങ്ങളെ, വിചാരവികാരങ്ങളെ നമ്മോടു മനസ്സു തുറന്നു സംസാരിക്കുന്നത് നല്ല കാര്യമാണ്. അങ്ങനെ ചോദിക്കുന്ന കുഞ്ഞു ങ്ങളോട് മനസ്സു തുറന്നു, പറഞ്ഞ് കൊടുത്താൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് സംശയനിവാരണത്തി നായി സ്നേഹിതരെ തേടി പോകേണ്ടിവരികയില്ല. പാശ്ചാത്യരാജ്യങ്ങളിൽ വസിക്കുന്ന ഇന്ത്യൻ മാതാപിതാക്കൾക്ക് തങ്ങളുടെ കുഞ്ഞുങ്ങൾ അവിടെ ജനിച്ചു വളർന്നാലും പ്രത്യേക മുറികളിൽ താമസിച്ചു പരിചയമായാലും, തങ്ങളുടെ സ്നേഹവാത്സല്യങ്ങളെ തങ്ങളുടെ മക്കളോടു പങ്കുവെയ്ക്കാൻ സാധിക്കും. പ്രായപൂർത്തിയായ കുഞ്ഞുങ്ങൾ ആയാലും രാവിലെ എഴുന്നേറ്റ് അവരുടെ മുറിയിലേക്ക് തന്നെ ചെന്ന് ആ കുഞ്ഞുങ്ങളുടെ അടുത്ത് കിടക്കണം. ആ പിള്ളാരേ ചുംബനം ചെയ്ത് തലയെ തലോടിക്കൊണ്ട് അവരെ മാറോടു ചേർത്ത് അണയ്ക്കുന്നത് ശീലമാക്കിയാൽ അവർ ആരും ഗേൾഫ്രണ്ടിനെയോ, ബോയിഫ്രണ്ടിനെയോ തേടി പോകില്ല. അമേരിക്കയിൽ ഞാൻ താമസിച്ച ഇന്ത്യൻ കുടുംബത്തിന്റെ വീട്ടിൽ ഇങ്ങനെയുള്ള കാര്യങ്ങളെ ഞാൻ നേരിൽ കണ്ടിട്ടുണ്ട്.

കുഞ്ഞുങ്ങൾ പ്രത്യേക മുറികളിൽ കിടന്നാലും രാത്രി കിടക്കാൻ പോകുമ്പോഴും രാവിലെ കോളേജിലോ ജോലിക്കോ പോകുമ്പോഴും മാതാപിതാക്കളെ കെട്ടിപ്പിടിച്ചു ചുംബനം ചെയ്തു റ്റാറ്റാ പറഞ്ഞു പോകുന്നത് ഞാൻ കണ്ടു. രാത്രി ആഹാരം കഴിച്ചിട്ട് ഞങ്ങൾ ഒന്നായി ഇരുന്ന് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ വിവാഹം കഴിച്ച മകൾ ഇപ്പോഴും അപ്പന്റെ മടിയിൽ തലവെച്ച് കിടന്ന് തമാശ പറഞ്ഞ് കളിച്ചുകൊണ്ട് കിടക്കുന്നത് കണ്ടപ്പോൾ എന്റെ മനസ്സ് വളരെ സന്തോഷപ്പെട്ടു.

ഈ അമേരിക്കൻ സംസ്കാരത്തിലും ഇങ്ങനെയും വാത്സല്യമുള്ള കുടുംബം ഉണ്ടല്ലോ എന്ന് ഓർത്ത് ദൈവത്തെ സ്തുതിച്ചു. ഇങ്ങനെയുള്ള കുട്ടികൾക്ക് പാപസംസ്കാരത്തിൽ പോകാൻ മനസ്സ് വരത്തില്ല. ഇത് വായിക്കുന്ന മാതാപിതാക്കൾ നമ്മുടെ കുഞ്ഞുങ്ങളെ ഏത് സംസ്കാരത്തിൽ വളർത്തിയാലും, പഠിത്ത വിഷയത്തിലും, ജഡീക വിഷയത്തിലും പരസ്യമായ സംഭാഷണങ്ങളും ബന്ധങ്ങളും നടപ്പിലാക്കിയാൽ ഏത് സംസ്കാര പാപത്തിലും നമ്മുടെ കുഞ്ഞുങ്ങൾ വീഴില്ല. ഒരു വീട്ടിൽ 8 വയസ്സുള്ള പയ്യൻ കുളിമുറിയിൽ നിന്നും അമ്മയെ ഉച്ചത്തിൽ വിളിച്ചു തന്റെ ജഡവികാരത്തിലുള്ള മാറ്റത്തെ ലജ്ജിക്കാതെ അമ്മയോടു പറഞ്ഞു. ഉടനെ അവൾ തന്റെ ഭർത്താവിനോടു ഫോണിൽ ബന്ധപ്പെട്ടു. ഫ്രിഡ്ജിൽ നിന്നും ഐസ് കഷണങ്ങളെ പയ്യന്റെ കൈയ്യിൽ കൊടുത്തു അത് ഉപയോഗിക്കുന്ന വിധത്തെ പറഞ്ഞു കൊടുത്തു. ഇങ്ങനെയുള്ള

മനസ്സു തുറന്ന വർത്തമാനം, പെരുമാറ്റം മകനും മകൾക്കും ഉള്ളതുവരെ കുഞ്ഞുങ്ങൾ നമ്മുടെ കൈയ്യിൽ നിന്നും ഒരിക്കലും നഷ്ടപ്പെടില്ല.

നമ്മുടെ വാത്സല്യത്തെ വിട്ടുമാറിപ്പോകുന്നില്ല. പാശ്ചാത്യ ദേശത്തിൽ ജീവിക്കുന്ന മാതാപിതാക്കളായാലും ഇന്ത്യയിലുള്ള മാതാപിതാക്കളായാലും തങ്ങളുടെ കുട്ടികൾ ഇതുപോലെയുള്ള പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ എങ്ങനെയാണ് പെരുമാറേണ്ടത് എന്നത് ആലോചനയായി ഞാൻ എഴുതുന്നു. പ്രാർത്ഥനയോടെ നാം മക്കളെ വളർത്തണം. പരിശുദ്ധാത്മാവ് നമുക്ക് ആവശ്യമുള്ള ആലോചന തന്ന് വഴി നടത്തും.

പ്രാർത്ഥനയ്ക്കും ആത്മീയ ആലോചനകൾക്കും തുടർന്നു ബന്ധപ്പെടേണ്ട മേൽവിലാസം.

**Dr. PUSHPARAJ**
**SALEM - 636 005, INDIA,**
**Phone: 0427-2387499**

# നിങ്ങൾക്ക് എന്റെ 2016 – നവവത്സര ആശംസകൾ

## 2016–ൽ കേരളത്തിലെ എന്റെ യോഗവിവരങ്ങൾ:

## മധ്യകേരള സി.എസ്.ഐ. ഡയോസിസ് കൺവെൻഷൻ

സ്ഥലം : **വെച്ചൂച്ചിറ** സി.എസ്.ഐ ചർച്ച് (പത്തനംതിട്ട ഡിസ്ട്രിക്റ്റ്) സമയം : 2016 ജനുവരി 1 വെള്ളി മുതൽ 3 ഞായർവരെ (ദിവസവും വൈകുന്നേരം 6.30 മുതൽ )

**കുറിപ്പ്:** രോഗശാന്തിക്കുവേണ്ടിയും, വിവിധ പ്രശ്നങ്ങൾക്കു വേണ്ടിയും പ്രത്യേകം പ്രാർത്ഥന ഉണ്ടായിരിക്കുന്നതാണ്. **(രോഗശാന്തി യേശുക്രിസ്തുവാണ് നിങ്ങൾക്ക് നൽകുന്നത്.)**

ശനിയാഴ്ച പകൽ 9 മുതൽ 1 മണിവരെ എന്നെ നേരിൽ കണ്ട് പ്രാർത്ഥിയ്ക്കുവാനും ആലോചന നൽകുവാനും പ്രത്യേക ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: Rev.Varghese Enahcal, Ph: 09947138202

## * 2016 – കളമശ്ശേരി ഐക്യകൺവെൻഷൻ

2016 ഫെബ്രുവരി 11 വ്യാഴ്ച മാത്രം 6.30 മണിയ്ക്ക് എന്റെ പ്രസംഗം ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് : ബെഞ്ചമിൻ ജോസഫ്, ഫോൺ : 09895495497

കുറിപ്പ് : കേരളത്തിലുള്ള എന്റെ മറ്റ് യോഗവിവരങ്ങൾ ജാമക്കാരൻ മാസികയിലൂടെ നിങ്ങൾക്ക് വായിച്ചറിയാവുന്നതാണ്. * ജാമക്കാരൻ മാസികയും, എന്റെ മലയാള പാട്ടുകളുടങ്ങിയ സി.ഡിയും ആവശ്യമുള്ളവർ നിങ്ങളുടെ ഫോൺ നമ്പരോടുകൂടിയ മേൽവിലാസം എഴുതി Dr.PushpaRaj, Salem - 636005 അറിയിക്കുക. ഇ–മെയിൽ വഴിയായും ബന്ധപ്പെടാം. jamakaran@yahoo.com. (ജാമക്കാരൻ മാസികയ്ക്ക് വരിസംഖ്യ ഇല്ല.)

**ദൈവം നിങ്ങളെ എല്ലാവരേയും ഈ പുതിയ വർഷത്തിലും സമാധാനവുംആരോഗ്യവും നൽകി അനുഗ്രഹിക്കുമാറാകട്ടെ.**

# ഉന്നതചിറകുകൾ

തമിഴ് ക്രൈസ്തവ മാസികാലോകത്തിൽ ജാമക്കാരൻ മാസികയ്ക്കു പ്രത്യേകമായ സ്ഥാനം ഉണ്ട്. അതിലെ ഉള്ളടക്കം മുഖാന്തിരം പലരുടെയും എതിർപ്പും നേടിയിട്ടുള്ള അതിന്റെ എഡിറ്റർ ഡോക്ടർ പുഷ്പരാജ് ഈ മാസികയിൽ തന്റെ അഭിപ്രായം മാസികാവായനക്കാരുടെ മുന്നിൽ വയ്ക്കുന്നു.

*** താങ്കളുടെ ദൈവവേല ആരംഭത്തെക്കുറിച്ചു.....?**

ഞാൻ മാനസാന്തരത്തിന്റെ അനുഭവം പ്രാപിച്ചതു 1964 ഫെബ്രുവരി മാസത്തിൽ ആയിരുന്നു. എന്റെ പിതാവു സുമാർ 30 വർഷങ്ങൾ സി.എസ്.ഐ സഭയുടെ സെക്രട്ടറി ആയിരുന്നു. ആ കാലത്തിൽ സഭാ മൂപ്പന്മാർ (ഡീക്കന്മാർ) തെരഞ്ഞെടുക്കപ്പെട്ടിരുന്നതു മത്സരത്തിലൂടെ (ഇലക്ഷൻ) ആയിരുന്നില്ല, നല്ല വ്യക്തികളെ നോക്കി തെരഞ്ഞെടുക്കുക (സെലക്ഷൻ) ആയിരുന്നു. ഇതു തന്നെയാണ് വേദപുസ്തകം പറയുന്നതും. 1947–ൽ സി.എസ്.ഐ രൂപീകൃതമായി. അതിനു പല വർഷങ്ങൾക്കു മുമ്പുതന്നെ ലണ്ടൻ മിഷൻ സൊസൈറ്റി എന്ന പേരിൽ തമിഴ്നാട്ടിൽ ധർമ്മപുരിയിൽ സഭ പ്രവർത്തിച്ചുകൊണ്ടിരുന്നു. അതിനുശേഷം റെയിൽവേയിൽ ജോലിയുണ്ടായിരുന്ന എന്റെ പിതാവ് 1939–ൽ സേലത്തിലേക്കു സ്ഥലം മാറ്റമായി സേലം ജംഗ്ഷനടുത്തു താമസമാക്കി. അന്നുമുതൽ സേലത്തിൽ സൂരമംഗലത്തുള്ള ലണ്ടൻ മിഷൻ സഭയിൽ സെക്രട്ടറിയായി പ്രവർത്തിച്ചു. സഭാ ഉത്തരവാദിത്വത്തിലുള്ള ഒരാളുടെ കുടുംബത്തിലെ മക്കളിൽ ആരെയും, ആരും കുറ്റപ്പെടുത്താൻ ഇടയാകരുതെന്ന ലക്ഷ്യത്തോടെ ക്രമാതീതമായ ചിട്ടയിൽ ഞങ്ങൾ വളർത്തപ്പെട്ടു. എനിക്ക് ആറു ചേച്ചിമാരുണ്ട്. ആൺമകനായി ഏറ്റവും ഒടുവിലുള്ള ഞാൻ മാത്രം. ഒറ്റ പുത്രൻ ആണെങ്കിലും വളരെയധികം ശാസിച്ചായിരുന്നു എന്റെ മാതാപിതാക്കൾ എന്നെ വളർത്തിയിരുന്നത്. ഞാനാണെങ്കിൽ രാഷ്ട്രീയം, സിനിമ എന്നിങ്ങനെ ലോകപ്രകാരം അലഞ്ഞു നടന്നു. എന്റെ മാതാപിതാക്കൾ അതെല്ലാം നിയന്ത്രിച്ചു തടസ്സപ്പെടുത്തി. അതുകൊണ്ടു ഞാൻ വീടുവിട്ടിറങ്ങി ഇന്ത്യൻ പട്ടാളത്തിൽ ചേർന്നു. അവിടെയായിരുന്നു എനിക്ക് A F M C (Army Force Medical Corps) 1959–ൽ ഡോക്ടർ പഠിത്തത്തിനു വഴിതുറക്കപ്പെട്ടതു. എന്നാൽ മിലിട്ടറിയിൽ പാപം നിറഞ്ഞിരിക്കുന്നതു ഞാൻ കണ്ടു. അതുകൊണ്ടു എനിക്കു മിലിട്ടറി ജീവിതത്തിൽ വെറുപ്പുണ്ടായി. മാത്രമല്ല എനിക്കു വീട്ടിലോ നാട്ടിലോ മടങ്ങിയെത്താൻ വെമ്പൽകൊള്ളുന്ന ഗൃഹാതുരത്വം നില (Home sick) ഉണ്ടായതുകൊണ്ടു മിലിട്ടറിയിൽ നിന്നു പുറത്തുവരാൻ ഞാൻ പരിശ്രമിച്ചു. ചില ഉയർന്ന അധികാരികളുടെ അഭിപ്രായം അനുസരിച്ചു M.B.B.S പഠിത്തം പൂർത്തിയാക്കുന്നതിനു മുമ്പു ഞാൻ പുറത്തുവരാൻ ഏർപ്പാടു ചെയ്തു. പഠിത്തം പൂർത്തിയാക്കിയ ശേഷമാണെങ്കിൽ ഒൻപതു വർഷം അല്ലെങ്കിൽ 12 വർഷം മിലിട്ടറിയിൽ ജോലി ചെയ്തേ മതിയാകുമായിരുന്നുള്ളു. കുടുംബത്തിലെ ഏകമകൻ എന്ന കാരണം കാണിച്ചു ശരിയായ രീതിയിൽ മിലിട്ടറിയിൽ നിന്നു അവരുടെ എല്ലാ അന്വേഷണങ്ങൾക്കും ശേഷം ഞാൻ പുറത്തു വന്നു വീണ്ടും ഞാൻ വൈദ്യരംഗത്തു പഠിച്ചു. 1964–ൽ ഡോക്ടർ പഠനം പൂർത്തിയാക്കി.

ആരംഭത്തിൽ ആറുമാസം താൽക്കാലിക അടിസ്ഥാനത്തിൽ ഡോക്ടറായി റൂറൽ ആശുപത്രിയിൽ ജോലി ലഭിച്ചു. അതിനുശേഷം സേലത്തിനടുത്തുള്ള ഡേനിഷ്പേട്ട് എന്ന

സ്ഥലത്തിൽ റവ.ഡോ.സാം കമലേശൻ, റവ.ഡോ.തിയോഡർ വില്യംസ് എന്നിവരാൽ പുതുതായി ആരംഭിയ്ക്കപ്പെട്ട ബെഥേൽ ഫെല്ലോഷിപ്പ് എന്ന പേരിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനത്തിൽ ഡോക്ടറായി ജോലി ചെയ്തു. ആ സ്ഥാപനത്തിൽ 800 ഓളം അനാഥ കുഞ്ഞുങ്ങൾ പഠിച്ചുകൊണ്ടിരുന്നു. അതോടൊപ്പം ബൈബിൾ കോളേജ്, ടെക്നിക്കൽ കോഴ്സുകൾ തുടങ്ങിയ പല കോഴ്സുകളും അവിടെ നടത്തിയിരുന്നു. രക്ഷിക്കപ്പെടാത്തവനായി ആ സ്ഥാപനത്തിൽ പോയിച്ചേർന്ന എനിക്കു അവിടെ വച്ചായിരുന്നു രക്ഷയുടെ അനുഭവം കർത്താവു കൃപയായി നൽകിയത്.

അതിനുശേഷം ബംഗാരപ്പെട്ട എന്ന സ്ഥലത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എസ്.ഐ.ബി.സി എന്ന വൈദീകകോളേജിൽ ചേർന്ന് ഒരു ഹ്രസ്വകാല വേദപുസ്തകപഠനം പൂർത്തിയാക്കി മടങ്ങി വന്ന് വീണ്ടും ഡോക്ടർ ജോലി ഞാൻ ആരംഭിച്ചു. സ്വന്തമായും എനിക്ക് ആശുപത്രി ഉണ്ടായിരുന്നു.

ഡാനിഷേപേട്ട് ബെഥേൽ സ്ഥാപനത്തിലെ ഭാരവാഹികൾ തന്നെ എന്നെ ദൈവവേലയിലും ബന്ധപ്പെടുത്തി. അങ്ങനെ എന്റെ ദൈവവേല തുടങ്ങിയത് വി.ബി.എസ് മുഖാന്തിരമായിരുന്നു. വി.ബി.എസിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു നടത്തി എന്റെ ദൈവവേല തുടങ്ങി. അതിനു ശേഷം സഹോ.വിക്ടർ മനോഹരൻ അവർകളോടു ചേർന്ന് വൈ.എഫ്.സി മുഖാന്തിരം കോളേജ് വിദ്യാർത്ഥി – വിദ്യാർത്ഥിനികളുടെ ഇടയിൽ ദൈവവേല ചെയ്തു.

തുടർന്ന് 1965 നവംബർ മാസത്തിൽ കന്യാകുമാരി ഡയോസിസിലെ കാര്യാവിള എന്ന സ്ഥലത്തുള്ള സി.എസ്.ഐ സഭയിൽ കൺവെൻഷൻ പ്രസംഗകനായി ഞാൻ ക്ഷണിക്കപ്പെട്ടു. അപ്പോൾ തന്നെ റേഡിയോ പ്രക്ഷേപണം മുഖാന്തിരം പ്രസംഗിക്കാനും ഞാൻ ക്ഷണിക്കപ്പെട്ടു. അതിനെ തുടർന്നു കൺവെൻഷൻ പ്രസംഗകനായി പ്രസിദ്ധനായി.

മിഷണറി ഭാരം ഉണ്ടായതു മുഖാന്തിരം 1967–ൽ എഫ്.എം.പി.ബി മുഖാന്തിരം അവരുടെ ആദ്യ മിഷണറിയായി സഹോ.ഹാരീസ് ഹിൽട്ടൻ അവർകളോടു ചേർന്നു തമിഴ്നാട്ടിൽ പെരിയമല എന്ന മലയിൽ ആദിവാസികളിൽ ഒരാളിന്റെ ചെറിയ കുടിലിൽ താമസിച്ചു മിഷണറി വേലതുടങ്ങി. അക്കാലത്തു മിഷണറിമാരെ താങ്ങുന്നവർ ഇല്ലാതിരുന്നതു കൊണ്ട് പണക്കുറവു മുഖാന്തിരം മിഷണറി വേല നിറുത്തി സ്വന്ത സ്ഥലത്തേക്കു മടങ്ങിവരേണ്ട സാഹചര്യം ഉണ്ടായി. വീണ്ടും നേരത്തേ ആശുപത്രി നടത്തിയിരുന്ന പഴയ സ്ഥലത്തിൽ മടങ്ങി വന്നു ഡോക്ടർ ജോലി ആരംഭിച്ചെങ്കിലും മനസ്സിൽ പൂർണ്ണമായ സുവിശേഷവേലക്കായുള്ള ആത്മഭാരം അണയാത്ത തീയായി എന്റെ ഉള്ളിൽ എരിഞ്ഞുകൊണ്ടിരുന്നു.

എന്റെ വിവാഹം 1970–ൽ നടന്നു. ആ സമയത്തും പൂർണ്ണസമയ മിഷണറി പണിക്കായുള്ള ഭാരം മാറാതെ എന്റെ മനസ്സിൽ അതുപോലെ തന്നെ ഉണ്ടായിരുന്നു. തുടർന്നു കൺവെൻഷൻ പ്രസംഗകനായി സഭാജനങ്ങളെ വചനത്തിലേക്കു തിരിക്കുന്ന വേല ചെയ്തുകൊണ്ടിരുന്നു. ധാരാളം സഭകളിൽ കൺവെൻഷനിൽ പ്രസംഗിക്കാൻ വേണ്ടിയുള്ള ക്ഷണക്കത്തുകൾ വന്നുകുന്നുകൂടി.

1976–ൽ പൂർണ്ണസമയ ദൈവവേലക്കാരനായി മാറാൻ തീരുമാനമെടുത്ത് എന്റെ ജോലി രാജിവെയ്ക്കുകയും എന്റെ സ്വന്ത ആശുപത്രിയും അടച്ചു പൂർണ്ണസമയ ദൈവവേലയ്ക്കിറങ്ങി തുടർന്നും ചെയ്തുകൊണ്ടിരിക്കുന്നു.

*** കേരളത്തിൽ ആദിവാസികളുടെ ഇടയിൽ താങ്കൾ ചെയ്ത ദൈവവേലയെക്കുറിച്ച്.....?**

കേരളത്തിലെ ആദിവാസികളെക്കുറിച്ചുള്ള വിവരം ആദ്യമായി പ്രസിദ്ധീകരിച്ചതു കേരളത്തിലെ പ്രബല ദിനപ്പത്രമായ മലയാള മനോരമയിൽ ചോലനായക്കന്മാർ എന്ന ആദിവാസി ജാതികളെക്കുറിച്ചു ആഴ്ചകളോളം അവർ തുടർച്ചയായി എഴുതി. വാസ്തവത്തിൽ ഈ ആദിവാസികൾ ആരും മനുഷ്യരെ കാണാത്ത മനുഷ്യർ തന്നെയായിരുന്നു. കാട്ടിനുള്ളിൽ മറഞ്ഞു അല്ലെങ്കിൽ ഒളിച്ചു ജീവിക്കുന്ന ജനങ്ങളായിരുന്നു ഇവർ. ഇവരാരും കുടിലുകളിൽ വസിക്കുന്നവരല്ല. പാറകളിന്മേലും പാറപ്പിളർപ്പുകളിനുള്ളിലും ഗുഹകളിലുമായിരുന്നു ഇവർ ജീവിച്ചിരുന്നത്. ഇവരെല്ലാം കൂട്ടമായി ഒരേ സ്ഥലത്തിൽ ഒന്നിച്ചു താമസിക്കാത്ത വ്യത്യസ്ഥരായ മനുഷ്യരാണെന്നും അറിഞ്ഞു. ഇപ്രകാരമുള്ള ആദിവാസികളുടെ കൂട്ടം കാട്ടിനുള്ളിൽ ജീവിക്കുന്നതു കണ്ടുപിടിച്ചശേഷം കേരളസർക്കാർ, ഇവരെ സന്ദർശിക്കാനും അവരുടെകണക്കെടുക്കാനും നടപടികൾ സ്വീകരിച്ചു. കാരണം ഇത്രകാലവുമുള്ള ഇന്ത്യാ ചരിത്രത്തിലും ഇന്ത്യയുടെ വംശാവലിയിലും ഇപ്രകാരമുള്ള ഒരു പുതിയ വർഗ്ഗ ആദിവാസികൾ ജീവിക്കുന്നു എന്നതു ആരും അറിയാതിരുന്നതു അതിശയമായിപ്പോയി എന്നു സർക്കാരിന്റെ കുറിപ്പിൽ രേഖപ്പെടുത്തി.

മുകളിൽ പറഞ്ഞ വിവരങ്ങൾ ഞാൻ കേട്ടതനുസരിച്ചു മറ്റു ചിലരുമായി ഇതിനെ പങ്കുവച്ച് ഞങ്ങൾ സംഘമായി പ്രാർത്ഥിക്കാൻ ആരംഭിച്ചു. ഞാൻ പ്രസംഗിച്ച ഓരോ കൺവെൻഷൻ യോഗങ്ങളിലും മുഴുരാത്രി ഉപവാസക്കൂട്ടത്തിലും ഈ വിവരങ്ങൾ പങ്കുവച്ച എല്ലാവരോടും പ്രാർത്ഥിക്കാൻ പ്രേരണ നൽകി. അതുമാത്രവുമല്ല അവരെ എങ്ങനെയെങ്കിലും സന്ദർശിക്കാനും അവരോടു യേശുവിനെക്കുറിച്ചു അറിയിക്കുകയും ചെയ്യണമെന്നു തീരുമാനിച്ചു. ഈ കഠിനമായ ദൈവവേലയിൽ ഞാൻ ഉൾപ്പെടെ ഒൻപതുപേർ ധൈര്യമായി ചേർന്നു. കേരളത്തിൽ നിലമ്പൂർ വനം വഴിയായി 37 മൈലുകൾ കാൽനടയായി നടന്നു ഒരു ആദിവാസി വഴികാട്ടിയുടെ സഹായത്താൽ ഈ പ്രത്യേക ചോലനായ്ക്കന്മാർ എന്ന ആദിവാസിവർഗ്ഗത്തെ സന്ദർശിച്ചു യേശുവിനെ അവരോടു അറിയിച്ചു.

ഞങ്ങൾ ഒൻപതു പേരും ചേർന്നു എന്റെ നേതൃത്വത്തിൽ ട്രൈബൽ മിഷൻ എന്ന പേരിൽ ഒരു മിഷണറി പ്രസ്ഥാനം ആരംഭിച്ചു. ഞാൻ ഇതിന്റെ സ്ഥാപകനായിരുന്നാലും ഈ പ്രസ്ഥാനം വളർന്നശേഷം ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റിയുടെ ഉത്തരവാദിത്വത്തിൽ ആ സ്ഥാപനം പ്രവർത്തിക്കുന്നു. ഇപ്പോൾ ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലായി ട്രൈബൽ മിഷന്റെ 210 മിഷണറിമാരെ അയച്ചു മിഷണറി പ്രവർത്തനം വിപുലമാക്കിവരുന്നു. ഞാൻ ഇപ്പോൾ ആ സ്ഥാപനത്തിന്റെ ഒരു ആലോചകൻ എന്ന നിലയിൽ മാത്രം പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിന്റെ ഹെഡ്ക്വാർട്ടേഴ്സ് കേരളത്തിലെ പെരുമ്പാവൂർ ആണ്. ഇപ്പോൾ ആനക്കട്ടി ട്രൈബൽ മിഷൻ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡോ.കെ.മുരളീധൻ എം.ഡി അവർകൾ ഈ സ്ഥാപനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തശേഷം ഈ ട്രൈബൽ മിഷൻ മുമ്പത്തെക്കാൾ വളരെ ഭംഗിയായി നടന്നുവരുന്നു.

*** ദൈവം താങ്കളെ ദൈവവേലക്കു ക്ഷണിച്ചപ്പോൾ കുടുംബത്തിൽ എതിർപ്പുണ്ടായിരുന്നോ?**

ഞാൻ ഗർഭത്തിൽ ആയിരിക്കുമ്പോൾ തന്നെ എന്റെ മാതാപിതാക്കൾ ഞാൻ ഒരു ദൈവവേലക്കാനായി തീരണം എന്നു തീരുമാനമെടുത്തു പ്രാർത്ഥിച്ചിരുന്നു. എന്നാൽ ഞാൻ ഇപ്പോൾ ചെയ്യുന്ന ജോലി അവർക്ക് ഇഷ്ടമല്ല.

അവരുടെ ചിന്തയും തീരുമാനവും ഞാൻ സഭാപുരോഹിതനായോ, പാസ്റ്ററായോ വരണം എന്നായിരുന്നു. ഇപ്പോഴും എന്റെ അലച്ചിലും കാടുകളിൽ ആദിവാസികളുടെ ഇടയിൽ മിഷണറിയായി ദൈവവേല ചെയ്യുന്നതും എന്റെ മാതാവിനു ഇഷ്ടമില്ല. (പിതാവു വർഷങ്ങൾക്കു മുമ്പു മരിച്ചുപോയി). ഇതിൽ സ്ഥിരവരുമാനം ഇല്ല. കഷ്ടങ്ങൾ ധാരാളം. ജനങ്ങളുടെ ഇടയിൽ ആഗ്രഹിക്കുന്ന തരത്തിൽ പ്രസിദ്ധനാകാൻ സാധ്യമല്ല. ഇതായിരിക്കും എന്റെ ദൈവവേല അവർക്കു ഇഷ്ടപ്പെടാതിരിക്കാൻ കാരണം എന്നു ഞാൻ കരുതുന്നു.

*** വീട്ടിലെ മൂത്തപുത്രൻ ദൈവത്തിനുള്ളതു അങ്ങനെയാണെങ്കിൽ ആദ്യ ശിശു ദൈവവേലയ്ക്കു തീർച്ചയായും പോകണമോ? അല്ലെങ്കിൽ കുടുംബത്തിൽ നിന്നു ഒരു കുഞ്ഞു ദൈവവേലയ്ക്കു പോകണമോ?**

പഴയനിയമത്തിൽ ആദ്യഫലം, ആദ്യത്തെ കുഞ്ഞു ഇവ ദൈവത്തിനായിരുന്നു. എന്നാൽ യേശുക്രിസ്തു മരിച്ചു ഉയിർത്തെഴുന്നേറ്റശേഷം അവന്റെ രക്തത്താൽ കഴുകപ്പെട്ട എല്ലാവരെയും പുരോഹിതന്മാരായും ദൈവവേലക്കാരായും മാറ്റി. 1 പത്രോ 2:5,9. നാം ഓരോരുത്തരും പുരോഹിത ശുശ്രൂഷ ചെയ്യാൻ ക്ഷണിക്കപ്പെടുന്നു. പൂർണ്ണസമയ ശ്രുശ്രൂഷകനായി മാറാൻ ആദ്യഫലം ആദ്യമകൻ എന്ന നിലയിലല്ലാതെ രക്ഷിക്കപ്പെട്ട് ആത്മഭാരവും ആത്മാക്കൾക്കായി ദിവസേന പ്രാർത്ഥിക്കുന്ന പരിചയവും ഒരാളിനുണ്ടായിരുന്നാൽ പൂർണ്ണസമയ ശുശ്രൂഷയ്ക്കു ദൈവം വഴി തുറക്കുന്നു. ഇതാണ് പൂർണ്ണസമയ ശുശ്രൂഷകന്റെ യോഗ്യതയായിരിക്കുന്നത്.

അതുകൊണ്ട് ആദ്യകുഞ്ഞ് ദൈവവേലയ്ക്കായി നിർബന്ധമായും പോകണമെന്നതു പുതിയ നിമയസഭയ്ക്കു യോജിച്ചതല്ല.

*** ശബ്ബത്തു ദിവസം ആചരിക്കുന്നതിനെക്കുറിച്ചു താങ്കളുടെ അഭിപ്രായം എന്താണ്? യെശ 54:4,5; 58:13,14 അതു (ശബ്ബത്ത്) ആചരിക്കുന്ന ബുദ്ധിശാലികളായ വിദ്യാർത്ഥികൾക്ക് പഠിത്തത്തിലും പരീക്ഷയിലും ജോലികാര്യത്തിലും തങ്ങളുടെ അവസരങ്ങൾ നഷ്ടപ്പെട്ടു പോകുന്നല്ലോ?**

ശബ്ബത്തു ദിവസം എന്നതുതന്നെ യേശുക്രിസ്തുവിനു മുമ്പുള്ള പഴയനിയമകാല ഉപദേശം. ഇപ്പോൾ അതു കർത്തൃദിവസമായി മാറ്റപ്പെട്ടുകഴിഞ്ഞു. അതിനെ ശബ്ബത്തുദിവസം എന്നു വിളിക്കുന്നതു യോജിച്ചതല്ല. ശരിയായ വിശ്വാസിക്കു ഏതു ദിവസവും ആരാധിക്കാം. പുതിയ നിയമസഭ കൂടിവന്നതിന്റെ ചരിത്രം നിങ്ങൾക്കു അപ്പോസ്തലപ്രവൃത്തികളിൽ കാണാം. ആ ആരംഭകാലങ്ങളിൽ എപ്പോഴെല്ലാം വിശ്വാസികൾ കൂടിവന്നുവോ അപ്പോഴെല്ലാം ആരാധനയും തിരുവത്താഴവും നടത്തിയിരുന്നു (അപ്പോ 2:46). അതുകൊണ്ടു ദൈവമക്കൾക്കു ദിവസം മുഖ്യമല്ല.

ഞായറാഴ്ച കുട്ടികൾക്കു പരീക്ഷവച്ചാൽ പോയി എഴുതിയേതീരൂ. അധികാരികൾക്കു കീഴടങ്ങാൻ വേദപുസ്തകം പഠിപ്പിക്കുന്നു (റോമർ 13:1–5; തീത്തൊസ് 3:1). അതുമാത്രവുമല്ല ഒരു ദിവസം മാത്രമേ ഇങ്ങനെയുള്ള പരീക്ഷ പ്രശ്നം ഉണ്ടാവുകയുള്ളൂ. ആഴ്ചതോറും അല്ലല്ലോ. പരീക്ഷാ ദിവസങ്ങളിൽ ആരാധന തീർന്നശേഷം പരീക്ഷയ്ക്കായി മക്കളെ അയയ്ക്കുന്നതിൽ തെറ്റില്ല.

അതിനീതിമാനായിരിക്കരുതെന്നും വേദപുസ്തകം നമ്മെ മുന്നറിയിക്കുന്നു.

*** എനിക്കു സുഖം ലഭിച്ചാൽ താങ്കളുടെ മാസികയിൽ സാക്ഷി എഴുതും എന്നു പല മാസികകളിൽ കാണപ്പെടുന്ന പുസ്ത സാക്ഷികളെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായം?**

രോഗസൗഖ്യം ലഭിച്ചാൽ മാസികയിൽ സാക്ഷി എഴുതും എന്നു പറഞ്ഞാൽ കർത്താവു ഒരിക്കലും സുഖം കൊടുക്കയില്ല. അങ്ങനെ ദൈവത്തെ വഞ്ചിക്കാൻ സാധ്യമല്ല. അവനു ആവശ്യമായിരിക്കുന്നതു നമ്മുടെ മാനസാന്തരജീവിതവും അതുമുഖാന്തിരം നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന സാക്ഷ്യവുമാണു കർത്താവു വളരെ പ്രതീക്ഷിക്കുന്നത്. അതിനാലാണു കർത്താവു മഹത്വപ്പെടുന്നത്.

യാക്കോബ് 5:1–ൽ രോഗം സൗഖ്യമാകാൻ നിരപ്പു പ്രാപിക്കണമെന്നുള്ള ഉപദേശം കൊടുത്തിരിക്കുന്നു. ഇതിനെയാണു വചനത്തിനു കീഴ്പ്പെടുക എന്നു പറയുന്നത്. സങ്കീർത്തനം 107:20–ൽ അവൻ തന്റെ വചനത്തെ അയച്ചു നിന്റെ രോഗം സൗഖ്യമാക്കുന്നു. യോഹ 5:17–ൽ വചനം നമുക്കുള്ളിൽ ഉണ്ടായിരുന്നാൽ നാം ചോദിക്കുന്നതു എന്തും ലഭിക്കും എന്നു എഴുതിയിരിക്കുന്നു.

ഇങ്ങനെയെല്ലാം വേദവചനത്തിനു കീഴ്പ്പെടുന്നതിനെക്കുറിച്ച് വചനം നമ്മെ വ്യക്തമായി ഉപദേശിയ്ക്കുമ്പോൾ മാസികയ്ക്കു സാക്ഷി എഴുതാം എന്നതുകൊണ്ടു ദൈവത്തിനെന്തു ലാഭം. അതുകൊണ്ടു അങ്ങനെ ഒരു നേർച്ച തീരുമാനം എടുക്കുന്നതു വചന പ്രകാരമല്ല.

*** അപ്പോക്രിഫാ പുസ്തകങ്ങളെക്കുറിച്ച്?**

അപ്പോക്രിഫാ പുസ്തകങ്ങൾ എഴുതപ്പെട്ടതിനു ശരിയായ തെളിവില്ല. അപ്പോക്രിഫാ പുസ്തകങ്ങളിൽ വന്നിട്ടുള്ള ഒരു വചനം പോലും യേശുക്രിസ്തുവോ ശിഷ്യന്മാരോ തങ്ങളുടെ പ്രസംഗങ്ങളിലോ ലേഖനങ്ങളിലോ എടുത്തു കാണിച്ചിട്ടില്ല. അവയിൽ ഭൂരിഭാഗ സംഭവങ്ങളും സാങ്കല്പികവും പെരുപ്പിച്ചു കാണിക്കുന്നതും ആണ്.

എന്നാൽ കത്തോലിക്കരുടെ ഉപദേശങ്ങൾ യോജിച്ച ആശയങ്ങൾ ആ പുസ്തകങ്ങളിൽ നിറയെ കാണപ്പെടുന്നതു കൊണ്ടു കത്തോലിക്കർ അതിനെ തങ്ങളുടെ പുസ്തകത്തിൽ ചേർത്തിരിക്കുന്നു. മരിച്ചവർക്കായുള്ള പ്രാർത്ഥന, മരിച്ചവരോടു പ്രാർത്ഥിച്ചാൽ അതായതു മരിച്ചുപോയ വിശുദ്ധന്മാരോടു പ്രാർത്ഥിച്ചാൽ ആ പ്രാർത്ഥന കേൾക്കപ്പെടും എന്നതുപോലുള്ള പല തെറ്റായ ഉപദേശങ്ങൾ അതിൽ നിറയെ കാണപ്പെടുന്നു. അതുകൊണ്ടു കത്താലിക്കാസഭക്കാർ മാത്രം ആ പുസ്തകങ്ങളെ താല്പര്യപ്പെട്ടു തങ്ങളുടെ വേദപുസ്കത്തിൽ ചേർത്തിരിക്കുന്നു. എന്നാൽ ആദിമകാല ദൈവഭക്തന്മാർ ആ പുസ്തകത്തെ നീക്കിവച്ചിരുന്നു.

*** സ്ഥിരീകരണം എടുത്തശേഷം തിരുവത്താഴം നൽകുന്നു. അതിനുശേഷമാണ് സഭയിൽ അംഗമായി ചേർക്കപ്പെടുന്നത്. വിവാഹത്തിനു മുമ്പ് വധൂവരന്മാർക്കു അല്ലെങ്കിൽ വിവാഹപ്രായം ആയവർക്കു അതിലേയ്ക്കുള്ള ക്ലാസ്സുകൾ വളരെ ആവശ്യം എന്നു കരുതുന്നു. ഈ രണ്ടു വിഷയങ്ങളിൽ താങ്കളുടെ അഭിപ്രായം എന്ത്?**

സ്ഥിരീകരണം എന്നതു സി.എസ്.ഐ, ലൂഥറൻ, ലണ്ടൻമിഷൻ, മാർത്തോമ്മാ പോലുള്ള എപ്പിസ്കോപ്പൽ സഭകളിൽ മാത്രം കാണപ്പെടുന്ന ഒരു ചടങ്ങാകുന്നു. സഭയിൽ അംഗമാകുന്നതിനു അവൻ തിരുവത്താഴം സ്വീകരിച്ചിരിക്കണം. തിരുവത്താഴം സ്വീകരിക്കണമെങ്കിൽ സ്ഥിരീകരണം എടുത്തിരിക്കണം എന്നു ഒരു ചട്ടം സഭയാൽ ഏർപ്പെടുത്തപ്പെട്ടു. അതു വേദപുസ്തകം പഠിപ്പിക്കുന്ന ഒന്നല്ല.

വേദപുസ്തകം പഠിപ്പിക്കുന്നതു ഒരുത്തൻ സഭയിൽ അംഗമായിത്തീരണമെങ്കിൽ അവൻ മാനസാന്തരപ്പെട്ടിരിക്കണം. നമ്മുടെ കർത്താവും ആദ്യ പുതിയനിയമസഭയെ ആരംഭിച്ചതും അപ്രകാരം തന്നെ ആയിരുന്നു. അപ്പോ 2:47–ൽ രക്ഷിക്കപ്പെടുന്നവരെ കർത്താവു ദിനമ്പ്രതി

സഭയോടു ചേർത്തുകൊണ്ടിരുന്നു എന്നാണു വേദപുസ്തകം പഠിപ്പിക്കുന്നത്. സി.എസ്.ഐ, ലൂഥറൻ, ലണ്ടൻ മിഷൻ, മാർത്തോമ്മാ എന്നിങ്ങനെയുള്ള എപ്പിസ്കോപ്പൽ സഭകളുടെ ആരംഭം എങ്ങനെ ആയിരുന്നു എന്നെനിക്കു അറിയാൻ പാടില്ല. എന്നാൽ ഇപ്രകാരമുള്ള സഭകളിൽ സ്ഥിരീകരണ ചടങ്ങിൽ മാനസാന്തരത്തിനു പ്രാധാന്യം നൽകി ചട്ടമാക്കിയാൽ ഈ സഭകൾക്ക് പ്രയോജനകരമായിരിക്കും. കർത്താവിന്റെ പ്രാർത്ഥന, വിശ്വാസപ്രമാണം ഇവകൾ കാണാപാഠമാക്കി പറഞ്ഞശേഷം സ്ഥിരീകരണത്തിൽ പാസായി എന്നു പറഞ്ഞു. അവനു തിരുവത്താഴം കൊടുക്കുന്നു. അതുകൊണ്ടാണു അവിശ്വാസികൾ ഭൂരിപക്ഷമുള്ള സഭ അല്ലെങ്കിൽ നാമധേയസഭ എന്ന പേരുകളിൽ ആ സഭകൾ വിളിക്കപ്പെടുന്നത്.

അതുപോലെ വിവാഹത്തിനു മുമ്പു വധൂവരന്മാർക്കു അല്ലെങ്കിൽ വിവാഹപ്രായം എത്തിയവർക്ക് കൗൺസിലിംഗ് (counseling) ഒരുക്കപഠിത്തം വളരെ അത്യാവശ്യം.

ആദ്യമായി തങ്ങൾക്കു ലഭിക്കേണ്ട ഭാര്യ/ഭർത്താവ് എങ്ങനെയുള്ളവരായിരിക്കണം എന്നു തീരുമാനിക്കണം. തങ്ങളായിത്തന്നെ പ്രേമിച്ചു ഭാര്യ/ഭർത്താവിനെ തെരഞ്ഞെടുക്കുന്നതു പാപമല്ല. എന്നാൽ അതു വേദപുസ്തകചിട്ടയല്ല എന്നതു അവർ അറിഞ്ഞിരുന്നാൽ ബാല്യപ്രായത്തിൽ ജാഗ്രതയുള്ളവരായി തങ്ങളെ കാത്തു സൂക്ഷിക്കാൻ വളരെ സഹായകമായിരിക്കും. ഇതിനും യുവതി യുവാക്കൾക്കു കൗൺസലിംഗ് അത്യാവശ്യം.

വിവാഹം കഴിഞ്ഞശേഷം ഭാര്യയോടു/ഭർത്താവിനോടു ഏതിനെക്കുറിച്ചെല്ലാം സംസാരിക്കാം, ഏതിനെക്കുറിച്ചെല്ലാം സംസാരിക്കാൻ പാടില്ല എന്നുള്ളതു വളരെ ശ്രദ്ധയോടെ സൂക്ഷിക്കുന്നതു നല്ലത്. ഇതിനു വിവാഹത്തിനു മുമ്പു ആലോചന ആവശ്യം.

പല ദമ്പതികളുടെ ആദ്യരാത്രിയിലുള്ള സംസാരത്തിൽ കഴിഞ്ഞ കാലത്തിൽ ഭർത്താവു പലരോടു ബന്ധപ്പെട്ടിരുന്നു എന്നതുപോലെ കഥകൾ പറഞ്ഞു തന്റെ ഭാര്യയ്ക്കും അപ്രകാരമുള്ള ബന്ധം ഉണ്ടായിരുന്നോ എന്നറിയാൻ വഞ്ചനയോടെ സംസാരിക്കും. ചില ഭാര്യമാർ തന്റെ ഭർത്താവു തന്റെ പഴയരഹസ്യങ്ങളെല്ലാം നൂറ്റിനു നൂറും തുറന്നു പറഞ്ഞല്ലോ അതുകൊണ്ടു ഞാനും മറച്ചുവയ്ക്കുന്നതു ശരിയല്ല എന്നു കരുതി കഴിഞ്ഞകാല സംഭവങ്ങളെല്ലാം അതുപോലെ അവനോടു പറയും. അതു മുഖാന്തിരം പ്രശ്നങ്ങൾ അന്നു ആരംഭിയ്ക്കയില്ല. മാസങ്ങൾക്കു ശേഷം കുടുംബത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ആദ്യരാത്രിയിൽ വെളിപ്പെടുത്തിയ രഹസ്യങ്ങളെല്ലാം കോപവാക്കുകളായി പരസ്പരം പറഞ്ഞു സ്ത്രീയുടെ ഹൃദയത്തെയാണ് മുറിവേൽപ്പിയ്ക്കുന്നത്.

ഭർത്താക്കന്മാർ തങ്ങളുടെ കഴിഞ്ഞകാല പാപജീവിതങ്ങളെക്കുറിച്ച് തങ്ങളുടെ ഭാര്യമാരോടു പറഞ്ഞാൽ അവർക്കു പ്രശ്നം ഉണ്ടാവുകയില്ല. എന്നാൽ ഭാര്യയുടെ കഴിഞ്ഞകാല ജീവിതത്തിലെ പാപബന്ധം അറിഞ്ഞാൽ യാതൊരു ഭർത്താവിനും അതു മറക്കാൻ സാധ്യമല്ല. അതുകൊണ്ടു അവസാനനിമിഷം അവളെ സംശയദൃഷ്ടിയോടെ മാത്രമേ അവളുടെ ഭർത്താവിനു കാണാൻ സാധിക്കയുള്ളൂ. അതിനുശേഷം അവളുടെ ജീവിതം നരകതുല്യമായിരിക്കും. ചില സത്രീകൾ പരിജ്ഞാനമില്ലാതെ ഇപ്രകാരമുള്ള വിഷയങ്ങളിൽ വഞ്ചിക്കപ്പെടുന്നതുകൊണ്ടു കുടുംബബന്ധത്തിൽ വിടവുണ്ടാകാൻ ഇടയാകും. അതുകൊണ്ട് ഇതുപോലെ ഇനിയും മറ്റു പല വിഷയങ്ങൾക്കും വിവാഹതത്തിനു മുമ്പു പുരുഷന്മാർക്കും സ്ത്രീകൾക്കും ആലോചന അല്ലെങ്കിൽ കൗൺസലിംഗ് വളരെ വളരെ അത്യാവശ്യം.

*** മുൻകാലങ്ങളിലുണ്ടായ ഉണർവ്വ് ഇനിയും ഉണ്ടാകുമോ? താങ്കളുടെ അഭിപ്രായം എന്ത്?**

നിങ്ങൾ പ്രതീക്ഷിക്കുന്നതുപോലെ വെസ്ലി, ജോർജ്ജ് വൈറ്റ് ഫീൽഡ് എന്നിവരുടെ കാലത്തുണ്ടായ ഉണർവ്വുപോലെ ഇപ്പോഴും കാണണമെങ്കിൽ ദൈവവേലക്കാർ ആദ്യമായി രക്ഷിക്കപ്പെടണം. അടുത്തതു സഭാവിശ്വാസികൾ മാനസാന്തരത്തിന്റെ അടിസ്ഥാനത്തിൽ സഭയിൽ അംഗങ്ങളായിരിക്കണം. മനുഷ്യൻ തന്നല്ലോ! വാട്ടം, തളർച്ച, പിൻമാറ്റം ഇവയെല്ലാം ഈ ലോകം ഉള്ളതുവരെ വരുകയും പോകുകയും ചെയ്യും. അതാണു ജീവിതം. എന്നാൽ നടത്തുന്നവരും സഭക്കാരും മുകളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ശരിയായ മാസനാന്തരത്തിന്റെ അടിസ്ഥാനത്തിൽ ആയിരുന്നാൽ ഉണർവു അടിക്കടി ഉണ്ടാകും. വീണ്ടും വീഴാതെ കാത്തുകൊള്ളാനും സാധിക്കും. സഭയുടെ ഉണർവിനു അടിസ്ഥാനആവശ്യം ഐക്യമത്യത്തോടും ആത്മഭാരത്തോടും കണ്ണീരോടെ വിട്ടുകരഞ്ഞു പ്രാർത്ഥിക്കുന്നവർ കുറച്ചു പേരെങ്കിലും ഉണ്ടായിരുന്നാൽ മതിയാകും, ഉണർവ്വു താനേ വരും.

ഈ ഐക്യമത്യപ്പെട്ട പ്രാർത്ഥന മുഖാന്തിരമാണ് മിഷണറിവേലതുടങ്ങാനും സഭ വളരാനും വർദ്ധിക്കാനും സാധിച്ചത്. ഐക്യമത്യപ്രാർത്ഥന ഇല്ലെങ്കിൽ മിഷണറി ഉണർവും ദൈവവേല വാഞ്ചയും ഉണ്ടാവുകയില്ല.

*** ഒരു കാലത്തിൽ ക്രൈസ്തവം പുഷ്ടി പ്രാപിച്ചിരുന്ന രാജ്യങ്ങളിൽ ഇന്നു അങ്ങനെയുള്ള നിലയില്ല. ഈ രാജ്യങ്ങൾ ക്രൈസ്തവം വീഴ്ച വരാൻ കാരണം എന്ത്?**

ആരംഭകാലത്തിൽ ക്രൈസ്തവം പുഷ്ടിപ്രാപിച്ചതായ രാജ്യങ്ങളായ അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിൽ ആത്മീയ പുഷ്ടി കുറയാൻ ഒരു കരാണം സംസ്കാരം ആകുന്നു. ലോകആകർഷകത്വം, വികാരത്തിന്റെ അടിസ്ഥാനത്തിലുണ്ടായ സമൃദ്ധി ഉപദേശം ഇവകളാണ് അതിനു കാരണം.

*** താങ്കളെയും താങ്കളുടെ എഴുത്തിനെയും സ്നേഹിക്കുന്നവർ ആയിരക്കണക്കായവർ ഉണ്ട്. ജാതിക്കു മുൻഗണന കൊടുക്കന്നവരെയും, സ്ത്രീധനം കൊടുക്കുന്വരെയും വാങ്ങുന്നവരെയും ശാസിക്കുകയും അങ്ങനെയുള്ളവർ എന്റെ ദൈവവേലയെ താങ്ങേണ്ട ആവശ്യമിലല്ല എന്നു എഴുതാറുണ്ടല്ലോ. അങ്ങനെ പ്രസംഗിക്കരുതോ?**

സ്ത്രീധനപിശാചു എന്ന തലക്കെട്ടിൽ ജാതിയെക്കുറിച്ചും ജാമക്കാരനിൽ ശാസിച്ച് എഴുതിക്കഴിഞ്ഞിരുന്നു. ഇതിനെ വീണ്ടും പ്രസിദ്ധീകരിച്ചു. അതുതന്നെ ലഘുലേഖനമായും പ്രസിദ്ധീകരിച്ചു. എന്നാൽ എന്റെ ജാമക്കാരൻ മാസിക വായിക്കുന്നവരിൽ ഭൂരിപക്ഷവും ജാതി എന്നുള്ള തോലൂരിയ്ക്കാതെ ബലിപീഠത്തിൽ വയ്ക്കപ്പെട്ടവരായിരിക്കുന്നതുകൊണ്ടു ജാതിചിന്ത നീക്കാതെയും സ്ത്രീധനം തെറ്റാണെന്നതു സമ്മതിക്കാതെ എന്റെ വാക്കുകളെ ഭൂരിപക്ഷം പേരും അലക്ഷ്യമാക്കിക്കളഞ്ഞു. ഈ ഒരു വിഷയത്തിൽ മാത്രം ഞാൻ പലതവണ എഴുതിയിട്ടും എന്റെ എഴുത്തു തോൽവിയിൽ കലാശിച്ചു എന്നതു വേദനയോടും ലജ്ജയോടും ഏറ്റു പറയുന്നു.

## ജാമക്കാരൻ വേണ്ട

ജാമക്കാരൻ (മാസിക നിങ്ങളുടെ ആത്മാവിന് ഉപയോഗപ്രദം ആകുന്നില്ല എങ്കിൽ) നിങ്ങൾക്ക് ലഭിക്കുന്ന മാസികയുടെ മുകളിൽ REFUSED എന്നെഴുതി നിങ്ങളുടെ അഡ്രസ്സ്, വെട്ടി തിരിച്ചയയ്ക്കുക (Stamp വേണ്ട). അങ്ങനെ ചെയ്താൽ നിങ്ങളുടെ അഡ്രസ്സ് ഞങ്ങളുടെ Mailing List-ൽ നിന്നു നീക്കുവാൻ സാധിക്കും. ഇതിന് നിങ്ങൾ സഹകരിക്കും എന്ന് വിശ്വസിക്കുന്നു. നന്ദി

# ദുബായ് തമിഴ് CSI കൺവെൻഷൻ








അറേബ്യയിലുള്ള U.A.E ദേശങ്ങളിൽ DUBAI, RAS AL-KHAIMAH, FUTAIRAH എന്നീ സ്ഥലങ്ങളിൽ നടന്ന സി.എസ്.ഐ കൺവെൻഷനുകൾ വളരെ അനുഗ്രഹപ്രദമായിരുന്നു. എല്ലാ സ്ഥലങ്ങളിലുമുള്ള ക്രിസ്ത്രീയവിശ്വാസികൾ വചനശുശ്രൂഷ കേൾക്കുകയും, പ്രസംഗം തീരുന്നതുവരെ വളരെ ക്ഷമയോടുകൂടി ഇരിക്കുകയും, അവരുടെ ആത്മീയ ആഗ്രഹത്തെ കാണുകയും ചെയ്തപ്പോൾ ഞാൻ ദൈവത്തെ സ്തുതിച്ചു. അനേകവർഷങ്ങൾക്കു മുമ്പ് ഞാൻ Dubai മലയാള കൺവെൻഷനിലേക്ക് പ്രസംഗിക്കുവാൻ വന്നപ്പോൾ Rev. തരിയൻ അവർകൾ അവിടെ അച്ചനായി ശുശ്രൂഷ ചെയ്യുകയായിരുന്നു. ആ സമയത്ത് ദുബായിയിലുള്ള സി.ഐ.എസ് തമിഴ് വിശ്വാസികൾ എന്റെ പ്രസംഗം കേൾക്കുവാനായി മലയാള യോഗത്തിൽ സംബന്ധിച്ചിരുന്നു. അവരെല്ലാവരും എന്റെയടുക്കൽ വന്നു. ദുബായിയിൽ തമിഴ് സി.എസ്.ഐ ആരാധന തുടങ്ങുവാൻ Dr. ഞങ്ങളെ സഹായിക്കണം എന്ന് എന്നോട് ആവശ്യപ്പെട്ടു. അതിന് ഞാൻ നിങ്ങളെല്ലാവരും ഒരു അപേക്ഷ എഴുതി 12 കുടുംബക്കാരും അതിൽ ഒപ്പിട്ട് കൊണ്ടുവന്നാൽ നാളെ മദ്ധ്യകേരള ഡയോസിസ് ബിഷപ്പ് ആയ ഞേ.ഞേല്.ഖീലെുവ തിരുമേനി അവർകളോട് വിവരം പറഞ്ഞ് തമിഴ് ആരാധന ഇതേ പള്ളിയിൽ വെച്ച് നടത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്യാം. ബിഷപ്പ് ജോസഫ് തിരുമേനി അവർകളും അച്ചനും അവർ എഴുതിക്കൊണ്ടുവന്ന അപേക്ഷയിൽ ഒപ്പിട്ടു. അപ്പോൾ തന്നെ ബിഷപ്പ് അവർകൾ പ്രാർത്ഥിച്ച് Dubai Tamil C.S.I ആരാധനയെ ഉദ്ഘാടനം ചെയ്തു. അങ്ങനെ Dubai & Alaninh സി.എസ്.ഐ തമിഴ് 2 സഭകൾ എന്നെക്കൊണ്ട് ആരംഭിക്കുവാൻ ദൈവം സഹായിച്ചു. ഇപ്പോൾ C.S.I Dubai Tamil Congregation നിൽ Rev.Christopherrathinasany അവർകൾ പ്രാർത്ഥനയോടെ എന്റെ യോഗത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നു. ദൈവനാമം മഹത്വപ്പെടട്ടെ. ഇപ്പോൾ ഈ ദുബായ് സഭ 70 മിഷണനറിമാരെ സഹായിച്ചുകൊണ്ടിരിക്കുന്നു. സ്തോത്രം.

# ആശംസകൾ

യേശുക്രിസ്തു ഈ ലോകത്തിൽ നമ്മുടെ പാപമോചനത്തിന് വേണ്ടി ജനിച്ചു. ക്രൂശിൽ പാടുകൾ അനുഭവിച്ചു. മരിച്ചു. അടക്കം ചെയ്തു. മൂന്നാം ദിവസം ജീവനോടു ഉയർത്തെഴുന്നേററു. ഇപ്പോഴും യേശുക്രിസ്തുവിനെ തന്റെ സ്വന്തരക്ഷകനായി സ്വീകരിച്ച, എല്ലാവർക്കും എല്ലാ ദിവസവും എല്ലാ സമയവും ക്രിസ്മസ് തന്നെ. അങ്ങനെയുള്ള ഏവരെയും ജാമക്കാരൻ വായനക്കാരോടൊപ്പം ഞാനും ആശംസകൾ അറിയിക്കുന്നു. ക്രിസ്തുവിന്റെ കൃപ നിങ്ങളോടു എല്ലാവരോടും ഉണ്ടായിരിക്കുമാറാകട്ടെ!

DECEMBER 2015

Printed Book/Book Post

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.